കെൽട്രോണിന്റെ പ്രവർത്തനം

6 [3444] *ശ്രീ. ജി. കാർത്തികേയൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ബി. വിജയകുമാർ:
,, *എ. സുജനപാൽ:* താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കെൽട്രോൺ ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

7 [3445] *ശ്രീ. എ. സി. ഷൺമുഖദാസ്:*
,, *കെ. പി. മോഹനൻ:*
,, *സി. കെ. നാണു:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഉൽപാദനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം മരുന്നാണ് ഉൽപ്പാദിപ്പിക്കുന്നത്;

(സി) അലോപ്പതി രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് പുതിയ മരുന്നുകൾ ഉൽപാദിപ്പിക്കാനും പ്രസ്തുത സ്ഥാപനത്തെ ആധുനികവത്ക്കരിക്കുന്നതിനുമുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ആരോഗ്യവകുപ്പിന് മരുന്ന് നൽകിയവകയിൽ പ്രസ്തുത സ്ഥാപനത്തിന് എത്ര തുക ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-04-ൽ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ഫോർമുലേഷൻ ഡിവിഷനിൽ 92.70 ലക്ഷം രൂപയുടെയും വിറ്റമിൻ-എ ഡിവിഷനിൽ 37.10 ലക്ഷം രൂപയുടെയും ഉൽപാദനം നടത്തി.

2004-05-ൽ ഫോർമുലേഷൻ ഡിവിഷനിൽ 5.892 ലക്ഷം രൂപയുടെ ഉൽപാദനം നടത്തി. വൈറ്റമിൻ-എ ഡിവിഷനിൽ ഈ കാലയളവിൽ ഉൽപാദനം നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly